മാതൃഭൂമി
Seed
FEDERAL BANK
പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ്
വിദ്യാർഥികളുടെയും
അധ്യാപകരുടെയും
പ്രകൃതിസൗഹൃദ
നിലപാടുകൾക്ക്
ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF-04 FEBRUARY 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്

## പ്രതീക്ഷയുടെ ഇലകൾ



ഇത് ആകാശപ്പച്ചയുടെ നാലാം ലക്കം. ഒരു പ്രസിദ്ധീകരണത്തെ സംബന്ധിച്ച് നാലുലക്കങ്ങൾ എന്നത് വിലയിരുത്തലിന് ഉതകുന്ന ഒരു കാലപരിധിയല്ല. എങ്കിലും ഓരോ ലക്കം കഴിയുമ്പോഴും കൂടുതൽ കരുത്തുള്ള ഇടമായി ഇത് മാറുന്നുണ്ട്. കുട്ടികളും അധ്യാപകരും പ്രഥമാധ്യാപകരുമൊക്കെ വൈവിധ്യമുള്ള രചനകൾ ആകാശപ്പച്ചയിലേക്ക് നൽകുന്നു. വലിയ പ്രതീക്ഷയാണ് ഇത് തരുന്നത്. പ്രകൃതി സംരക്ഷണം എന്ന കർത്തവ്യവുമായി മുന്നോട്ടു പോകുക അത്ര എളുപ്പമുള്ള കാര്യമല്ല. എന്നിട്ടും 13 വർഷമായി സീഡ് പ്രവർത്തകർ ആ പാതയിലൂടെ പതറാതെ, ഇടറാതെ മുന്നോട്ട് നീങ്ങുന്നു. പ്രകൃതിക്കൊപ്പമെന്ന നിലപാടിലുറച്ച് എഴുത്തിലും നമുക്ക് പുതുവഴികൾ താണ്ടാം. ഇലകൾ വളർന്ന മരക്കൂട്ടങ്ങളാവട്ടെ, ആകാശം മറയട്ടെ!



എഡിറ്റോറിയൽ

# കാണുന്നതും കാണാനുള്ളതും

ഒരു ചെമ്പരത്തിപ്പൂവെങ്കിലും കാണാതെ നമ്മുടെ ഒരു ദിവസം കടന്നുപോകുമോ? അഞ്ചിതളുള്ള ചുവന്ന ചെമ്പരത്തിപ്പൂവിന്റെ നടുവിൽ പുറത്തേക്ക് നീണ്ടുനിൽക്കുന്ന കേസരം. അതിൽ ചുവപ്പിനൊപ്പം കുറച്ച് മഞ്ഞപ്പൊട്ടുകൾ. ഇത്രയും കൊണ്ട് നമ്മുടെ ചെമ്പരത്തിക്കാഴ്ച അവസാനിക്കാറാണ് പതിവ്. എന്നാൽ, അതിരാവിലെ വിടരുമ്പോൾ മഞ്ഞനിറമുള്ള ഭാഗങ്ങൾ പൂമൊട്ടുപോലെ അടഞ്ഞാണ് ഇരിക്കുക. പൂ വിടർന്ന് കുറച്ചു കഴിയുമ്പോൾ മഞ്ഞ നിറമുള്ള ഭാഗങ്ങളും ഒന്നൊന്നായി വിടരും. പക്ഷേ, അത് കാണാൻ മാത്രം സൂക്ഷ്മതയോടെ നമ്മൾ ചെമ്പരത്തിപ്പൂവിനെ നോക്കിയിട്ടുണ്ടാവില്ല. നിത്യവും കാണുന്ന ഒരു പൂവിന്റെ കാര്യം ഇതാണെങ്കിൽ പ്രകൃതിയിൽ നമുക്ക് കാണാൻ അവശേഷിക്കുന്ന അതിശയങ്ങൾ എത്രയാണെന്ന് ഓർത്തുനോക്കൂ... അതുകൊണ്ട് എപ്പോഴും പ്രകൃതിയിലേക്ക് കണ്ണും മനസ്സും തുറന്നുവയ്ക്കണം.

കാട്ടിലെക്കാര്യം

# കാട് വെട്ടിയാണ് നമ്മൾ മരിക്കുന്നത്

കൃഷിചെയ്യാൻ പഠിച്ചപ്പോൾ നമ്മൾ കാർഷികവൃത്തിക്കുവേണ്ടി കാടുകൾ വെട്ടിത്തെളിക്കുന്നത് ആരംഭിച്ചു. ക്രമേണ കാടിന്റെ വ്യാപ്തി കുറഞ്ഞു. ഭൂമിയുടെ അവകാശികൾ മനുഷ്യർ മാത്രമാണെന്ന അഹന്തയിൽ പുരോഗതിയിലേക്ക് കുതിക്കുന്ന മാനവരാശി ഇപ്പോൾ അതിന്റെ വില നൽകേണ്ട സമയമായിരിക്കുന്നു.



ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന ആമസോൺ മഴക്കാടുകൾ പോലും അനുദിനം കുറയുന്നു. ഇന്ത്യയിലും കാടുകളുടെ വിസ്തൃതി അപകടകരമായ നിലയിലാണ്. അവശേഷിക്കുന്ന പച്ചപ്പ്, വികലമായ വികസന കാഴ്ചപ്പാടുകളിൽപ്പെട്ട് നശിക്കുന്നു. ഏറ്റവും നല്ല ഉദാഹരണമാണ് പശ്ചിമഘട്ടനിരകളുടെ അവസ്ഥ. കുന്നിടിച്ചും മരങ്ങൾ വെട്ടിയും നടത്തുന്ന 'വികസന' പ്രവർത്തനങ്ങളെയാണ് നമ്മൾ ഭയക്കേണ്ടത്. പ്രകൃതിദുരന്തങ്ങൾക്ക് ഇത് ആക്കം കൂട്ടും. നഷ്ടപ്പെട്ടതൊന്നും തിരിച്ചു കിട്ടില്ല. പക്ഷേ, അവശേഷിക്കുന്നത് നമുക്ക് സംരക്ഷിക്കാനാവും.

മാതൃഭൂമി ആകാശപ്പച്ച
2022 ഫെബ്രുവരി

എം.എസ്. സ്വാഗത
ക്ലാസ്സ് 10
ക്രൈസ്റ്റ് നഗർ സെൻട്രൽ സ്കൂൾ
തിരുവനന്തപുരം



# അവസാനമില്ല!

**കേ**രളം നേരിടുന്ന പരിസ്ഥിതിപ്രശ്നങ്ങളെ കുന്നിടിക്കൽ, അമിതമായ കുഴൽക്കിണർ നിർമാണം, പരിധിയില്ലാത്ത മരം മുറിക്കൽ, മലിനീകരണം എന്നിങ്ങനെ എഴുതിത്തുടങ്ങിയാൽ അവസാനമുണ്ടാവില്ല.

ഉരുൾപൊട്ടലുകളുടെ കാരണം കുന്നിടിക്കലാണെന്ന് നമുക്കറിയാം. കുഴൽക്കിണറുകൾ നമുക്ക് ഉപകാരമാണെങ്കിലും അവയുടെ എണ്ണം കൂടുന്നത് അപകടമാണ്. മണ്ണിനടിയിലെ വെള്ളത്തിന്റെ അളവ് കുറഞ്ഞ് വരൾച്ച വേഗത്തിലാവും. മരം മുറിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾക്ക് പരിധിയില്ല. അന്തരീക്ഷത്തിലെ ഈർപ്പം നഷ്ടപ്പെടുന്നതുമുതൽ വരൾച്ചയും വെള്ളപ്പൊക്കവും വരെയുണ്ട് അതിൽ.

കരയും ജലവും വായുവും എല്ലാം മാലിന്യം കൊണ്ട് നിറയുമ്പോൾ അത് പകർച്ചവ്യാധികൾക്കും മാരകരോഗങ്ങൾക്കും കാരണമാകുന്നു. ഇതിനൊക്കെ പരിഹാരം ഒന്നേയുള്ളൂ. പ്രകൃതിയെ സംരക്ഷിക്കുക, സ്നേഹിക്കുക. അല്ലെങ്കിൽ അതിനൊന്നും നമ്മളുണ്ടാവില്ല.

ഹരിശങ്കർ കെ.എസ്., ക്ലാസ്സ് 4 എ
സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
ചെറുപനത്തടി, കാസർകോട്



# തുമ്പി കല്ലെടുക്കുന്നത് എന്തിന്?

'എടുപ്പിച്ചതല്ല...എടുത്തതാണ്!' എന്നൊരു ചൊല്ലുണ്ട് എന്നാൽ തുമ്പി കല്ലെടുക്കുന്നതാണോ? എടുപ്പിക്കുന്നതാണോ? തുമ്പിയെ പിടിക്കുമ്പോൾ അത് രക്ഷപ്പെടാനായി കല്ലിൽ അമർത്തിപ്പിടിക്കും. കുറച്ചുകൂടി ബലം പ്രയോഗിക്കുമ്പോൾ ആ കല്ലുമായി തുമ്പി ഉയരും. ഇതാണ് യാഥാർത്ഥ്യം. ഏതൊരു പ്രവർത്തനത്തിനും തുല്യവും വിപരീതവുമായ പ്രതിപ്രവർത്തനം ഉണ്ടാകും എന്ന് പഠിച്ചിട്ടില്ലേ? അതു തന്നെ കാര്യം!

ശ്രീജ ടി.എൻ.
സെന്റ് ജോസഫ്സ് ഹൈസ്കൂൾ
പുഷ്പഗിരി, തളിപ്പറമ്പ ,കണ്ണൂർ

ഈ ഫോട്ടോ കാണാം




സ്ഥലം: കുതിരക്കൂർ കരി, പള്ളുരുത്തി, കൊച്ചി

ചന്ദ്രബാബു, ആർട്ട് ടീച്ചർ
ഗ്ലോബൽ പബ്ലിക് സ്കൂൾ
എറണാകുളം

# ഒരുമിച്ചാൽ ഗുണമുണ്ട്



വളരെ കുറഞ്ഞ ചെലവിൽ ഓരോരുത്തർക്കും ചെയ്യാവുന്ന കൃഷിരീതിയാണ് സംയോജിതകൃഷി. സംയോജിത കൃഷിയിൽ നമുക്ക് പച്ചക്കറിത്തോട്ടം, കോഴിവളർത്തൽ, മീൻവളർത്തൽ എന്നിവ ഉൾപ്പെടുത്താം. വീട്ടിൽ ബാക്കിവരുന്ന പച്ചക്കറിയും ഭക്ഷണാവശിഷ്ടങ്ങളും ഒരു പാത്രത്തിൽ ശേഖരിക്കണം. ഈ പാത്രത്തിന്റെ അടിയിൽ വാൽവ് ഉണ്ടായിരിക്കണം. ഇങ്ങനെ നമ്മൾ പാത്രത്തിലിടുന്ന അവശിഷ്ടങ്ങളിൽ കുറച്ചുദിവസങ്ങൾക്കുശേഷം ഒരുതരത്തിലുള്ള ഈച്ച വന്ന് മുട്ടയിടും. ഇത് വളർന്ന് പുഴുപോലുള്ള ലാർവയായി മാറും. ഈ പുഴുക്കളെ കോഴി, വളർത്തുമീൻ എന്നിവയ്ക്ക് നൽകാം. കൂടാതെ ഇതിൽനിന്ന് വരുന്ന ലായനി പച്ചക്കറികൾക്ക് വളമായി ഉപയോഗിക്കാം. കോഴിക്കാഷ്ഠം, വളർത്തുമീൻ കിടക്കുന്ന വെള്ളം ഇവയും നല്ല വളമാണ്. ഇങ്ങനെ വളരെ ചെലവ് കുറച്ച് കൂടുതൽ വിളവ് നേടാം.

ദേവനന്ദ, ക്ലാസ്സ് 10
പ്രസന്റേഷൻ എച്ച്. എസ്. എസ്.
കോഴിക്കോട്

# കേരനിരകളാടും ഹരിത ചാരു തീരം...

സിബി മലയിൽ സംവിധാനം ചെയ്ത് 2004–ൽ റിലീസായ സിനിമയാണ് ജലോത്സവം. ഈ ചിത്രത്തിൽ കേരളത്തെയും കേരളത്തിന്റെ മനോഹരമായ കായലുകളെയും വിശേഷിപ്പിക്കുന്ന ജനപ്രീതി നേടിയ ഒരു പാട്ടുണ്ട്

**'കേരനിരകളാടും ഒരു ഹരിത ചാരു തീരം**
**പുഴയോരം കളമേളം കവിത പാടും തീരം'**

കേരം തിങ്ങിനിൽക്കുന്ന ഹരിതഭംഗിയും പുഴകളുടെ കളകളാരവവും കൂടിച്ചേരുമ്പോൾ ആ വരികൾ മനസ്സിന് കുളിർമയും കാതുകൾക്ക് ഇമ്പവും പകരുന്നു. കായലലകൾ

പുൽകി വിടുന്ന ഈറൻ കാറ്റിൽ ഞാറുകൾ സന്തോഷത്തോടെ ഇളകിയാടുന്നു. നമ്മെ കുളിരിൻ പുതപ്പണിയിക്കുന്നു. എന്നും പൊൻവിള നൽകി നമ്മെ നിറപൊലിയണിയിക്കാൻ സദാ തയ്യാറായി നിൽക്കുന്ന നാടാണ് കേരളം. നമ്മുടെ നാടിനെ ഒരു ഹരിതദേവതയായി ചിത്രീകരിച്ചിരിക്കുകയാണ് ഈ ഗാനം.

ഗാനരചന: ബീയാർ പ്രസാദ്
സംഗീതം: അൽഫോൻസ് ജോസഫ്
ഗായകൻ: പി. ജയചന്ദ്രൻ



ആൻമരിയ സണ്ണി, ക്ലാസ്സ് 9
മെക് ലോഡ്സ് ഇംഗ്ലീഷ് സ്കൂൾ
സുൽത്താൻ ബത്തേരി,വയനാട്

# മക്കളെപ്പോലെ കാക്കണം ആർദ്രവനങ്ങൾ

ആർദ്രവനങ്ങളിൽ പ്രകൃതിയുടെ അപാരമായ സൃഷ്ടിപരത കാണാം. ഇവിടത്തെ മഴക്കാടുകൾ വെട്ടിമാറ്റിയാൽ വളരെ നേർത്തതും അതീവലോലവുമായ മേൽമണ്ണ് മാത്രമേയുള്ളൂ. ഒരൊറ്റ വർഷത്തെ മഴയിൽ ഒലിച്ചും പിന്നെ വേനലിൽ ചൂടേറ്റ് വരണ്ടും മണ്ണ് ഇല്ലാതാകും. പാറയിൽ നിന്ന് ഉണ്ടാകുന്ന മേൽമണ്ണ് നഷ്ടമായാൽ അവിടം മരുഭൂമിക്കുതുല്യമായി മാറും. ആർദ്രവനങ്ങളെ മക്കളെപ്പോലെ സംരക്ഷിച്ച് നിലനിർത്തണം.

ഫെമി ബിജു, ക്ലാസ്സ് 8
സെന്റ് ജോൺസ് ഹൈസ്കൂൾ
കുറുമണ്ണ്, കോട്ടയം

തെറ്റ് ശരി



# തെറ്റിയത് കൊന്നയ്ക്കോ കലണ്ടറിനോ?

വിഷുവിനാണ് കണിക്കൊന്ന പൂക്കുന്നത്, അല്ലെങ്കിൽ പൂക്കേണ്ടത് എന്നാണ് മലയാളികളുടെ സങ്കല്പം. എന്നാൽ ഏപ്രിലിൽ വിഷുവിനുമുൻപ് കണിക്കൊന്ന പൂത്താൽ കൊന്നയെ കുറ്റം പറയേണ്ടെന്നാണ് പ്രശസ്ത പരിസ്ഥിതിപ്രവർത്തകൻ ഇ. കുഞ്ഞികൃഷ്ണൻ പറയുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സൗരയൂഥത്തിലെയും ആകാശഗംഗയിലെയും ചില പ്രതിഭാസങ്ങൾ മൂലം എല്ലാ വർഷവും സൂര്യൻ ഭൂമധ്യരേഖയ്ക്കഭിമുഖമായി വരുന്ന സമയത്തിൽ 20 മിനിറ്റോളം വ്യത്യാസമുണ്ടാകുന്നു. ഈ മാറ്റങ്ങൾക്കനുസരിച്ച് കലണ്ടറിൽ വ്യത്യാസങ്ങൾ വരുത്തിയാൽ മാത്രമേ വിഷുക്കാലം കൃത്യമായി ഗണിക്കാനാവൂ. കൊന്നപ്പൂ മാത്രമല്ല, പ്ലാവ്, മാവ് ഒക്കെയും പൂക്കുന്ന സമയത്തിൽ വ്യത്യാസങ്ങളുണ്ട്. അതൊന്നും നമ്മൾ ശ്രദ്ധിക്കുന്നില്ലെന്ന് മാത്രം! അപ്പോ കണിക്കൊന്ന കാലം തെറ്റി പൂത്തതല്ല, മറിച്ച് ഇലകൾ കൊഴിച്ച് നില്ക്കുന്ന അവസ്ഥയിൽ സൂര്യായനം അനുസരിച്ച് വെയിലേൽക്കുമ്പോൾ പൂക്കുന്നതാണ്. കാലഹരണപ്പെട്ട കലണ്ടർതീയതികളാണ് കണിക്കൊന്ന കാലം തെറ്റി പൂത്തതാണെന്ന് വരുത്തിത്തീർക്കുന്നത്!

തീർത്ഥ പി.പി., ക്ലാസ്സ് 5
എച്ച്.സി.സി.ജി.യു.പി. സ്കൂൾ
ചെർളയം, തൃശൂർ

ലോകം എങ്ങനെ





# വേണ്ട, നമുക്കിനി ഉരുൾപൊട്ടൽ

പ്രകൃതിപ്രതിഭാസമെന്ന വിഭാഗത്തിൽപ്പെടുന്നതാണെങ്കിലും ഉരുൾപൊട്ടലിന്റെ തീവ്രത വർധിക്കുന്നതിന് മനുഷ്യന്റെ ഇടപെടലുകൾ കാരണമാകുന്നുണ്ട്. പ്രധാന ഘടകങ്ങളായ കുന്നിന്റെ ചരിവ്, പാറയുടെ ഘടന, ഭൂഗർഭജലത്തിന്റെ അളവ്, മഴയുടെ തോത് എന്നിവയ്ക്കുപുറമേ മനുഷ്യന്റെ അലക്ഷ്യമായ മണ്ണിടിപ്പും പാറപൊട്ടിക്കലും കുന്നിൻചരിവിലുള്ള മരം മുറിക്കലും ഒഴുക്കുവെള്ളത്തിന്റെ ഗതി തടയലും എല്ലാം ലോകമെമ്പാടും ഉരുൾപൊട്ടലിന്റെ ഭീകരാവസ്ഥ വർധിപ്പിക്കുന്നു. നിസ്സഹായതയോടെ നോക്കിനിൽക്കേണ്ടിവരുന്ന അവസ്ഥ ഇനിയെങ്കിലും ഉണ്ടാവാതിരിക്കാൻ മഴക്കാലത്തിനുമുൻപായി നമുക്ക് ജാഗരൂകരാവാം. വെള്ളം ശരിയായ രീതിയിൽ ഒഴുകിപ്പോകാനുള്ള വഴിയൊരുക്കിയും ചരിവിനനുസരിച്ച് ബണ്ടുകൾ കെട്ടിയും മരങ്ങളെ സംരക്ഷിച്ചും നമുക്ക് തയ്യാറെടുക്കാം. ദുരന്തങ്ങളോട് വിടപറഞ്ഞുകൊണ്ട്, ഋതുഭേദങ്ങൾക്കൊപ്പം പ്രകൃതിയോട് കൈകോർത്ത്, നല്ല നാളെയിലേക്ക് ഒപ്പം സഞ്ചരിക്കാം.

ആഫിന ഷമീർ, ക്ലാസ്സ് 10
ആലങ്ങാട് ജമഅത്ത് പബ്ലിക് സ്കൂൾ
കരുമാലൂർ, എറണാകുളം

പൂവറിവ്

# സുമാത്രൻ ടൈറ്റൻ ആരം



അല്പകാലം മാത്രം വിരിഞ്ഞിരിക്കുന്ന ഒരു അപൂർവപുഷ്പം. ഇൻഡൊനീഷ്യയിലെ സുമാത്ര ദ്വീപുകളിലെ മഴക്കാടുകളാണ് ഇവയുടെ ജന്മദേശം. പൂക്കൾക്ക് അഴുകിയ മാംസത്തിന്റെ ഗന്ധമാണ്. പ്രാണികളെ ആകർഷിക്കാൻവേണ്ടിയാണ് ഈ ഗന്ധം. പൂവിന്റെ ഉയരം10 അടിയോളവും ഇതൾപോലെയുള്ള ഭാഗത്തിന്റെ ചുറ്റളവ് 5 അടിയോളവും വരും. പരാഗണത്തിനു ശേഷം ഓറഞ്ച് അല്ലെങ്കിൽ ചുവപ്പ് നിറമുള്ള കായകൾ ഉണ്ടാകും. ഈ കായതിന്നുന്ന ചിലയിനം വേഴാമ്പലുകൾ വിത്തുവിതരണത്തിന് സഹായിക്കാറുണ്ട്. വിത്ത് വീണ്ടും മണ്ണിലെത്തുകയും പുതിയ ചെടി വളരുകയും ചെയ്യും.

ഷനോ വേദ എ., ക്ലാസ്സ് 6
എൻ.എച്ച്.എസ്.എസ്.
വട്ടോളി, കോഴിക്കോട്

# തേൻകൂട്

**തി**രിച്ചു പറന്നപ്പോൾ നിരാശ തോന്നിയില്ല. വസന്തകാലം തിരികെയെത്തിയതിന്റെ ആവേശവുമില്ല. തേൻമധുരമുള്ള ഓർമകൾ സങ്കടപ്പെടുത്തി. വിഷം തളിച്ച പൂക്കളിലെ തേൻ നുകരാൻ മറ്റുള്ളവർക്കൊപ്പം മത്സരിക്കാൻ തോന്നിയതേയില്ല.

പാവം പൂക്കൾ, വിടരും മുൻപേ കീടനാശിനികൾ തളിക്കപ്പെട്ടവർ. വർണശലഭങ്ങളില്ല, കരിവണ്ടുകളില്ല, കവിഹൃദയങ്ങളും നൊമ്പരപ്പെട്ടു. വിഷപ്പൂക്കളെ തഴുകിവരുന്ന കാറ്റിനെക്കാൾ വേഗത്തിൽ തേൻ കൂട്ടിലേക്ക് പറന്നു.

പ്രതീക്ഷ തെറ്റിയില്ല കുന്നിൻചരിവിൽ കണ്ടുവെച്ച പൂക്കൾ വിടർന്നിട്ടുണ്ട്. എവിടുന്നൊക്കെയോ ശലഭങ്ങളും തേനീച്ചകളും കേട്ടറിഞ്ഞ് വരുന്നുണ്ട്. അവർക്കുമുന്നേ തേൻ ശേഖരിക്കണം.



ശിവനന്ദ സന്തോഷ്, ക്ലാസ്സ് 7
എസ്.എൻ.യു.പി.എസ്.
പോത്തിൻകണ്ടം, b ഇടുക്കി



# വിരുന്നുകാർ

**കു**രുവിക്കൂട് കുരുവിക്കൂട്
തൂക്കണാം കുരുവിക്കൂട്
കാറ്റിലാടും കൂട്
കാണാനെന്തൊരു ചന്തം
കലപില കലപില ശബ്ദം
കേൾക്കാനെന്തൊരു ഇമ്പം
കൂടുകൂട്ടും കുരുവികളെല്ലാം
നാട്ടിലെത്തിയ കൂട്ടുകാർ
കൂടുകൂട്ടും തെങ്ങും പനയും
മുറിച്ചുമാറ്റിക്കളയല്ലേ
ആറ്റക്കുരുവികൾ വന്നോട്ടെ
വാസസ്ഥലമതെടുത്തോട്ടെ.

അനുഗ്രഹ ആർ., ക്ലാസ്സ് 7
സി.എ.യു.പി.എസ്. മമ്പാട്
പാലക്കാട്

മാതൃഭൂമി ആകാശപ്പച്ച



വലിയകാര്യങ്ങൾ ചെയ്യുന്നത് നല്ലതാണ്. എന്നാൽ വലിയകാര്യങ്ങൾ മാത്രമേ ചെയ്യൂ എന്ന് വാശിപിടിക്കുന്നത് നന്നല്ല. ചെറിയ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന സമയമായിരിക്കും അതിലൂടെ നമുക്ക് നഷ്ടമാവുക

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം. വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

Published by Mathrubhumi Seed